ഇത്രത്തോളം ജയം തന്ന ദൈവത്തിനു സ്തോത്രം
ഇതു വരെ കരുതിയ രക്ഷകന് സ്തോത്രം (2 )
ഇനിയും കൃപ തോന്നി കരുതിടണേ
ഇനിയും നടത്തണേ തിരുഹിതം പോൽ (2)

നിന്നതല്ല നാം ദൈവം നമ്മെ നിറുത്തിയതാ
നെടിയതല്ല ദൈവം എല്ലാം തന്നതല്ലേ (2)
നടത്തിയ വിധങ്ങൾ ഓർത്തിടുമ്പോൾ
നന്ദിയോടെ നാഥന് സ്തുതി പാടിടാം (2 )

ഇത്രത്തോളം ജയം തന്ന ദൈവത്തിനു സ്തോത്രം
ഇതു വരെ കരുതിയ രക്ഷകന് സ്തോത്രം (2 )
ഇനിയും കൃപ തോന്നി കരുതിടണേ
ഇനിയും നടത്തണേ തിരുഹിതം പോൽ (2)

സാധ്യതകളോ അസ്തമിച്ചു പോയപ്പോൾ
സോദരങ്ങളോ അകന്നങ്ങു മാറിയപ്പോൾ (2)
സ്നേഹം തന്നു വീണ്ടെടുത്ത  യേശുനാഥൻ
സകലത്തിലും ജയം തന്നുവല്ലോ (2)

ഇത്രത്തോളം ജയം തന്ന ദൈവത്തിനു സ്തോത്രം
ഇതു വരെ കരുതിയ രക്ഷകന് സ്തോത്രം (2 )
ഇനിയും കൃപ തോന്നി കരുതിടണേ
ഇനിയും നടത്തണേ തിരുഹിതം പോൽ (2)